<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 342</u> <u>18-03-2025 - ൽ മറുപടിയ്ക്ക്</u>

<u>പദ്ധതി നിർവഹണത്തിലെ പുരോഗതിയില്ലായ്മ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിയിരിക്കെ സംസ്ഥാനത്തിന്റെ പദ്ധതി നിർവഹണത്തിന്റെ പുരോഗതി മുൻകാലങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പ്രാഥമിക കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണചെലവിൽ മുൻ വർഷത്തെ അപേക്ഷിച്ച് കാര്യമായ വ്യത്യാസം വന്നിട്ടില്ല. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി വിനിയോഗം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാവുകയുള്ളൂ. പദ്ധതി ചെലവ് സംബന്ധിച്ച് പ്ലാൻ സ്പെയ്സ് പോർട്ടലിൽ ലഭ്യമായ ട്രഷറിയുടെ പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതി അടങ്കലിൽ 76.04% ചെലവ് ഇതുവരെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 86.94% ആണ്. 2023-24 സാമ്പത്തിക വർഷം ഇത് പ്ലാൻ സ്പെയ്സ് പോർട്ടലിൽ യഥാക്രമം 81.66 ശതമാനവും 84.70 ശതമാനവും ആയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിൽ മുൻ വർഷത്തേക്കാൾ വർദ്ധനവാണ് പ്ലാൻസ്പെയ്സ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പ്ലാൻസ്പെയ്സ് പോർട്ടലിൽ 2023-24 സാമ്പത്തിക വർഷത്തെ 33.94 ശതമാനത്തെ അപേക്ഷിച്ച് ഈ വർഷം 38.90 ശതമാനം ആയും ഉയർന്നിട്ടുണ്ട്. കേന്ദ്ര ധനകൈമാറ്റത്തിൽ വന്നിട്ടുള്ള ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമപദ്ധതികളിലെ കുടിശ്ശിക തീർപ്പാക്കൽ, അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമായിട്ടുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ പുനഃക്രമീകരണം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 31/08/2024 തീയതിയിലെ സ.ഉ.(അച്ചടി)നം.76/2024/ധന മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലോ അനിവാര്യമായവ ഒഴിവാക്കുന്ന വിധത്തിലോ പദ്ധതി ചെലവുകളെ പുനഃക്രമീകരിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച ചെലവുകൾക്കും ദുർബല വിഭാഗങ്ങളിൽ ഉൾപ്പെടെയുള്ളവർക്കുള്ള പദ്ധതികൾക്കും ഈ ക്രമീകരണം ബാധകമല്ല. |
| (ബി) | സംസ്ഥാന പ്ലാനിങ് ബോർഡിന്റെ വെബ്സൈറ്റ് പ്രകാരം സംസ്ഥാനത്തിന്റെ പദ്ധതി നിർവഹണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണവും കേന്ദ്ര ഫണ്ടിന്റെ ചെലവിലും മുൻകാലങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാകാനുണ്ടായ കാരണം വിശദമാക്കാമോ; | (ബി) | പ്രാഥമിക കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണചെലവിൽ മുൻ വർഷത്തെ അപേക്ഷിച്ച് കാര്യമായ വ്യത്യാസം വന്നിട്ടില്ല. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി വിനിയോഗം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാവുകയുള്ളൂ. പദ്ധതി ചെലവ് സംബന്ധിച്ച് പ്ലാൻ സ്പെയ്സ് പോർട്ടലിൽ ലഭ്യമായ ട്രഷറിയുടെ പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതി അടങ്കലിൽ 76.04% ചെലവ് ഇതുവരെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 86.94% ആണ്. 2023-24 സാമ്പത്തിക വർഷം ഇത് പ്ലാൻ സ്പെയ്സ് പോർട്ടലിൽ യഥാക്രമം 81.66 ശതമാനവും 84.70 ശതമാനവും ആയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിൽ മുൻ വർഷത്തേക്കാൾ വർദ്ധനവാണ് പ്ലാൻസ്പെയ്സ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പ്ലാൻസ്പെയ്സ് പോർട്ടലിൽ 2023-24 സാമ്പത്തിക വർഷത്തെ 33.94 ശതമാനത്തെ അപേക്ഷിച്ച് ഈ വർഷം 38.90 ശതമാനം ആയും ഉയർന്നിട്ടുണ്ട്. കേന്ദ്ര ധനകൈമാറ്റത്തിൽ വന്നിട്ടുള്ള ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമപദ്ധതികളിലെ കുടിശ്ശിക തീർപ്പാക്കൽ, അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമായിട്ടുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ പുനഃക്രമീകരണം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 31/08/2024 തീയതിയിലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (അച്ചടി)നം.76/2024/ധന മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലോ അനിവാര്യമായവ ഒഴിവാക്കുന്ന വിധത്തിലോ പദ്ധതി ചെലവുകളെ പുനഃക്രമീകരിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച ചെലവുകൾക്കും ദുർബല വിഭാഗങ്ങളിൽ ഉൾപ്പെടെയുള്ളവർക്കുള്ള പദ്ധതികൾക്കും ഈ ക്രമീകരണം ബാധകമല്ല. |
| (സി) | സംസ്ഥാനത്തെ പദ്ധതി അടങ്കലിൽ അൻപത് ശതമാനം വെട്ടിക്കുറച്ചിട്ടും പദ്ധതി നിർവഹണത്തിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനുള്ള കാരണം വിശദമാക്കുമോ? | (സി) | പ്രാഥമിക കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണചെലവിൽ മുൻ വർഷത്തെ അപേക്ഷിച്ച് കാര്യമായ വ്യത്യാസം വന്നിട്ടില്ല. സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി വിനിയോഗം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാവുകയുള്ളൂ. പദ്ധതി ചെലവ് സംബന്ധിച്ച് പ്ലാൻ സ്പെയ്സ് പോർട്ടലിൽ ലഭ്യമായ ട്രഷറിയുടെ പ്രാഥമിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതി അടങ്കലിൽ 76.04% ചെലവ് ഇതുവരെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 86.94% ആണ്. 2023-24 സാമ്പത്തിക വർഷം ഇത് പ്ലാൻ സ്പെയ്സ് പോർട്ടലിൽ യഥാക്രമം 81.66 ശതമാനവും 84.70 ശതമാനവും ആയിരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവിൽ മുൻ വർഷത്തേക്കാൾ വർദ്ധനവാണ് പ്ലാൻസ്പെയ്സ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പ്ലാൻസ്പെയ്സ് പോർട്ടലിൽ 2023-24 സാമ്പത്തിക വർഷത്തെ 33.94 ശതമാനത്തെ അപേക്ഷിച്ച് ഈ വർഷം 38.90 ശതമാനം ആയും ഉയർന്നിട്ടുണ്ട്. കേന്ദ്ര ധനകൈമാറ്റത്തിൽ വന്നിട്ടുള്ള ഇടിവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉണ്ടായിട്ടുള്ള കുറവും സംസ്ഥാനത്ത് ധനഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ വിവിധ ക്ഷേമപദ്ധതികളിലെ കുടിശ്ശിക തീർപ്പാക്കൽ, അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമായിട്ടുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ആവശ്യമായ പുനഃക്രമീകരണം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 31/08/2024 തീയതിയിലെ സ.ഉ.(അച്ചടി)നം.76/2024/ധന മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന വിധത്തിലോ |

| | | | |
|---|---|---|---|
| | | | അനിവാര്യമായവ ഒഴിവാക്കുന്ന വിധത്തിലോ പദ്ധതി ചെലവുകളെ പുനഃക്രമീകരിക്കാൻ ഉദ്ദേശിച്ചിട്ടില്ല. ചട്ടം 300 പ്രകാരം ബഹു. മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച ചെലവുകൾക്കും ദുർബല വിഭാഗങ്ങളിൽ ഉൾപ്പെടെയുള്ളവർക്കുള്ള പദ്ധതികൾക്കും ഈ ക്രമീകരണം ബാധകമല്ല. |

സെക്ഷൻ ഓഫീസർ